## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 158 | 10.03.2020 – ൽ മറുപടിക്ക് |

## റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിനായി കൺസൾട്ടൻസി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.സി.മമ്മൂട്ടി<br>,, എം. സി. കമറുദ്ദീൻ<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) | റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ സാങ്കേതിക വിദഗ്ധരില്ലാത്തതിനാൽ കൺസൾട്ടൻസിയെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) & ബി) | റീ ബിൽഡ് കേരളയിൽ വിവിധ മേഖലകളിൽ പരിജ്ഞാനമുള്ള വിദഗ്ധരായ കൺസൾട്ടൻസിനെ ആർ.കെ.ഐ -യുടെ പ്രൊജക്റ്റ് മാനേജ്മെന്റ് സപ്പോർട്ട് സർവീസ് (PMSS) ആയി നിയമിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br>റീ ബിൽഡ് കേരള പ്രൊജക്റ്റ് മാനേജ്മെന്റ് സപ്പോർട്ട് സർവീസ് (PMSS ) ആർ.കെ.ഐ. ഫണ്ട് ചെയ്യുന്ന പ്രൊജെക്ടുകളുടെ ഇൻവെസ്റ്റ്മെന്റ് പ്ലാനിംഗ്, വിവിധ വകുപ്പുകളിൽ റീ ബിൽഡ് പദ്ധതിയുടെ കീഴിൽ ഏറ്റെടുക്കുന്ന മേഖലകളുമായി ബന്ധപ്പെട്ട നയരൂപീകരണ പ്രക്രിയക്ക് ആവശ്യമായ വിവരശേഖരണവും, പരിശീലനവും ശേഷി വർധിപ്പിക്കലും, സാങ്കേതികമായ അവലോകനം, പദ്ധതികളുടെ നിരീക്ഷണവും മൂല്യനിർണ്ണയവും, പുരോഗതി വിലയിരുത്തൽ, ആശയവിനിമയം, പ്രശ്ന പരിഹാര മാർഗങ്ങൾ തുടങ്ങിയ വിവിധ മേഖലകളിൽ ഉള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനാണ് ഉപയോഗിക്കുന്നത്. PMSS-നെ തിരഞ്ഞെടുക്കുന്നതിനായുള്ള സാങ്കേതിക |
| ബി) | കൺസൾട്ടൻസിയിൽ നിന്നും എന്തെല്ലാം സേവനങ്ങളാണ് ലഭിക്കുന്നതെന്ന് അറിയിക്കാമോ; | | |

| | | | |
|---|---|---|---|
| | | | സാമ്പത്തിക സൂചകങ്ങൾ ഉൾപ്പെടുത്തി ടെണ്ടർ നടപടികൾ പൂർത്തിയാക്കി PMSS ആയി തിരഞ്ഞെടുക്കുന്ന സ്ഥാപനവുമായി കരാറിലേർപ്പെടുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. |
| സി) | റീ ബിൽഡ് കേരളക്കായി ഏതെല്ലാം സ്രോതസ്സുകളിൽ നിന്നാണ് തുക കണ്ടെത്താൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ? | സി) | പ്രളയാനന്തര പുനർനിർമ്മാണ പദ്ധതികൾ നടപ്പാക്കുന്നതിന് ആവശ്യമായ ഫണ്ടുകൾ താഴെ പറയുന്ന വിവിധ സ്രോതസ്സുകളിൽ നിന്ന് പ്രത്യേകമായി സമാഹരിക്കുന്നതിനായാണ് സർക്കാർ ലക്ഷ്യമിടുന്നത്.<br>• സംസ്ഥാന ബജറ്റ്- ബഹുവിധ ഏജൻസികൾ (ലോകബാങ്ക്, എഡിബി മുതലായവ ഉൾപ്പെടെ), JICA, KfW മുതലായ ഏജൻസികൾ<br>• കേന്ദ്രാവിഷ്കൃത പദ്ധതികൾക്കു കീഴിൽ കൂടുതൽ വകയിരുത്തൽ<br>• കേന്ദ്ര ഗവൺമെൻറ് പദ്ധതികളുടെ കീഴിൽ ഫ്ലെക്സി ഫണ്ടിന്റെ വിന്യാസം<br>• ക്രൗഡ് ഫണ്ടിംഗ്<br>• മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വഴി സമാഹരണം<br>• NIDA വഴി നബാർഡ് ഫണ്ടിംഗ്<br>• ഹഡ്കോയും മറ്റു വായ്പകളും.<br>• ഡയസ്പോറ ബോണ്ടുപോലുള്ള ബജറ്റ് ഇതര ധനസമാഹരണ മാർഗങ്ങൾ |

(ഒപ്പ്)
സെക്ഷൻ ഓഫീസർ